**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്**

നം.22748/ഡി.ബി1/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 28.04.2011

# സർക്കുലർ

വിഷയം:– തദ്ദേശസ്വയം ഭരണ വകുപ്പ് – ഇ.എം.എസ് ഭവന പദ്ധതിയുടെ വായ്പാ തിരിച്ചടവ് – റികൺസിലിയേഷൻ നടത്തി കണക്കുകൾ ചിട്ടപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന:–
1. സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009
2. സ.ഉ.(സാധാ.)നം.3568/2010/തസ്വഭവ; തീയതി 15.11.2010

ഇ.എം.എസ് ഭവന പദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പയുടെ മുതൽ ഇനത്തിൽ ഓരോ വർഷവും തിരിച്ചടയ്ക്കേണ്ട തുകയും പലിശയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സൂചന 2–ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മുതൽ ഇനത്തിൽ 2010–11 സാമ്പത്തിക വർഷം തിരിച്ചടയ്ക്കേണ്ട 92.41 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ട് വിഹിതത്തിൽ നിന്നും കൺട്രോളിംഗ് ഓഫീസർമാർ കുറവുചെയ്ത് (deduction at source) ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിന് ലഭ്യമാക്കിയിട്ടുണ്ട്. അതുപോലെ 31.03.2011 വരെയുള്ള പലിശയായി 39.78 കോടി രൂപ സർക്കാർ അനുവദിക്കുകയും ഗ്രാമവികസന കമ്മീഷണർ ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. സംസ്ഥാന സഹകരണ ബാങ്കിന് ലഭിക്കുന്ന തുക ജില്ലാ സഹകരണ ബാങ്കുകൾക്ക് കൈമാറുകയും ജില്ലാസഹകരണ ബാങ്കുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിച്ച സഹകരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. മുൻഖണ്ഡികയിൽ പ്രതിപാദിച്ചത് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന് നൽകിയ തുക സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും വായ്പ അനുവദിച്ച സഹകരണ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും തുക കൈമാറിക്കിട്ടുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ടെന്നും അതുകാരണം ഇ.എം.എസ്. ഭവന പദ്ധതിയുടെ നടത്തിപ്പിൽ തടസം നേരിടുകയാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ 27.04.2011–ന് ധനകാര്യവകുപ്പ് മന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും സംയുക്തമായി വിളിച്ചുചേർത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നു.

**3. മുതൽ, പലിശ എന്നീ ഇനങ്ങളിൽ സംസ്ഥാന സഹകരണ ബാങ്ക് മുഖേന ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കിയ തുക ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് സ്വീകരിക്കേണ്ട നടപടികൾ**

3.1 വായ്പ അനുവദിച്ച സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്ക് മുഖേന ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കിയ തുക (മുതലും പലിശയും) ജില്ലാ സഹകരണ ബാങ്കുകൾ 2011 മേയ് 3–നകം തന്നെ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ടെന്ന് സഹകരണസംഘം രജിസ്ട്രാർ ഉറപ്പാക്കേണ്ടതാണ്.

3.2 തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർ മേയ് 5–നകം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ലഭ്യമാക്കേണ്ടതാണ്.

3.3 താത്ക്കാലിക കണക്കുകളെ അടിസ്ഥാനമാക്കിയാണ് പലിശ അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് യഥാർത്ഥ കണക്കിൽ വ്യത്യാസമുണ്ടായേക്കാം. 31.03.2011 വരെയുള്ള യഥാർത്ഥ പലിശ കണക്കാക്കുമ്പോൾ ലഭിക്കേണ്ടതിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണുകയാണെങ്കിൽ അത് ബന്ധപ്പെട്ട സഹകരണ സ്ഥാപനത്തിൽ തന്നെ നിലനിർത്തണം. അധികം ലഭിച്ചിട്ടുള്ള തുക തുടർന്ന് ലഭിക്കേണ്ട പലിശയിൽ തട്ടിക്കിഴിക്കാവുന്നതാണ്.

3.4 ഡാറ്റാ എൻട്രിയിലെ പിശക് കാരണം വായ്പ അനുവദിക്കാത്ത ഏതെങ്കിലും സഹകരണ സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ഇപ്രകാരം നൽകിയ തുക ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്ക്/സഹകരണ സ്ഥാപനം സംസ്ഥാന സഹകരണ ബാങ്ക് മുഖേന മെയ് 15–നകം ഗ്രാമവികസന കമ്മീഷണർക്ക് തിരികെ നൽകേണ്ടതാണ്.

3.5 സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്ക് മുഖേന ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കിയ തുകയിൽ നിന്നും, പ്രാഥമിക സഹകരണസംഘങ്ങൾ എടുത്തിരുന്ന മറ്റ് വായ്പകളുടെ ബാധ്യതകൾ ജില്ലാ സഹകരണബാങ്കുകൾ തട്ടിക്കിഴിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത് അനുവദനീയമല്ല. മറ്റ് വായ്പകളുടെ ബാധ്യതകൾ യാതൊരു കാരണവശാലും ഇ.എം.എസ്. ഭവന പദ്ധതിയുടെ മുതൽ തിരിച്ചടവിലോ പലിശയിനത്തിൽ ലഭ്യമാക്കുന്ന തുകയിലോ ജില്ല സഹകരണ ബാങ്കുകൾ തട്ടിക്കിഴിക്കാൻ പാടില്ല. ഇങ്ങനെ തുക തട്ടിക്കിഴിക്കുന്നില്ലെന്ന് സഹകരണസംഘം രജിസ്ട്രാർ ഉറപ്പാക്കേണ്ടതാണ്.

**4. 31.03.2011 വരെയുള്ള വായ്പ, പലിശ എന്നിവയെ സംബന്ധിക്കുന്ന കണക്കുകൾ റിക്കൺസിലിയേഷൻ നടത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ**

4.1 30.09.2010 വരെ കൈപ്പറ്റിയ വായ്പയുടെ വിവരങ്ങൾ സൂചന 2–ലെ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി വെബ് അധിഷ്ഠിതമായി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 2010–11 സാമ്പത്തിക വർഷം തിരിച്ചടയ്ക്കേണ്ട മുതൽ തുകയും പലിശയും താത്ക്കാലികമായി കണക്കാക്കി ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളത്. സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് വിവരങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്കെങ്കിലും പിശക് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിവരങ്ങൾ റികൺസിലിയേഷൻ നടത്തി ക്രമപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം 30.09.2010–നുശേഷം 31.03.2011 വരെ കൈപ്പറ്റിയ വായ്പയുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.2 ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ജില്ലാതലത്തിൽ വിളിച്ചു ചേർത്തായിരിക്കണം കണക്കുകൾ ചിട്ടപ്പെടുത്തേണ്ടത്. അതിനുള്ള ചുമതല താഴെപ്പറയുന്നത് പ്രകാരമായിരിക്കും.

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ചുമതലയുള്ള ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തുകൾ | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |
| 2 | ബ്ലോക്ക് പഞ്ചായത്തുകൾ | അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) |
| 3 | മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും | നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർ |
| 4 | ജില്ലാപഞ്ചായത്തുകൾ | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് |

4.3 മുൻഖണ്ഡിക പ്രകാരം ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ കണക്കുകൾ പരിശോധിച്ച് ചിട്ടപ്പെടുത്തുന്നതിനായി മേയ് 5,6,7 തീയതികളിലായി ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഒരുദിവസം 20 ഗ്രാമപഞ്ചായത്തുകൾ എന്ന രീതിയിലായിരിക്കണം ക്യാമ്പ് സംഘടിപ്പിക്കേണ്ടത്. ഇതിൽ പകുതി ഗ്രാമപഞ്ചായത്തുകൾക്ക് രാവിലെയും ബാക്കി പകുതി ഗ്രാമപഞ്ചായത്തുകൾക്ക് ഉച്ചയ്ക്കുശേഷവും എന്ന രീതി അവലംബിക്കാവുന്നതാണ്.

4.4 ക്യാമ്പിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, സഹകരണ സ്ഥാപനത്തിന്റെ സെക്രട്ടറി, സഹകരണ സ്ഥാപനത്തിന്റെ ചുമതലയുള്ള സഹകരണ വകുപ്പിലെ ഓഡിറ്റർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഖണ്ഡിക 4.2 പ്രകാരം ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥൻ ക്യാമ്പിന്റെ തീയതി, സ്ഥലം, സമയം എന്നിവ നിശ്ചയിച്ച് ബന്ധപ്പെട്ടവർക്ക് ടെലിഫോൺ മുഖേനയും രേഖാമൂലവും അറിയിപ്പ് നൽകേണ്ടതാണ്. ഓരോ തദ്ദേശഭരണ സ്ഥാപനവും ഏതൊക്കെ ബാങ്കുകളിൽ നിന്നാണ് വായ്പയെടുത്തിട്ടുള്ളതെന്ന വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് ടെലിഫോൺ മുഖേന ശേഖരിക്കേണ്ടതും ബന്ധപ്പെട്ട ബാങ്കുകൾക്ക് അറിയിപ്പ് നൽകേണ്ടതുമാണ്. ക്യാമ്പിൽ സഹകരണസംഘം ജില്ലാ ജോയിന്റ് രജിസ്ട്രാറേയും ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരേയും പങ്കെടുപ്പിക്കേണ്ടതാണ്.

4.5 ബാങ്കിന്റേയും തദ്ദേശഭരണ സ്ഥാപനത്തിന്റേയും ഉദ്യോഗസ്ഥർ ഭവന പദ്ധതി വായ്പയുമായി ബന്ധപ്പെട്ട ലെഡ്ജറുകൾ, രജിസ്റ്ററുകൾ, പാസ്ബുക്ക്, മറ്റ് രേഖകൾ എന്നിവ ക്യാമ്പിലേക്ക് കൊണ്ടുവരേണ്ടതാണ്.

4.6 സർക്കാർ ലഭ്യമാക്കിയ മുതലും പലിശയും സഹകരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ രേഖകൾ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ ക്യാമ്പിൽ കൊണ്ടുവരേണ്ടതാണ്.

4.7 മുതൽ, പലിശ എന്നീ ഇനങ്ങളിൽ സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്ക് മുഖേന ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ (തദ്ദേശഭരണ സ്ഥാപനം തിരിച്ചും സഹകരണ സ്ഥാപനം തിരിച്ചുമുള്ള സ്റ്റേറ്റുമെന്റുകൾ) ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാരും ഗ്രാമവികസന കമ്മീഷണറും ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ഖണ്ഡിക 4.2 പ്രകാരം ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് മേയ് 2–നകം ലഭ്യമാക്കേണ്ടതാണ്.

4.8 31.03.2011 വരെ തദ്ദേശഭരണ സ്ഥാപനം കൈപ്പറ്റിയ വായ്പയുടേയും 31.03.2011 വരെയുള്ള പലിശയുടേയും തിരിച്ചടച്ച വായ്പയുടേയും ഒടുക്കിയ പലിശയുടേയും കണക്കുകൾ ക്യാമ്പിൽ വെച്ച് ഈ സർക്കുലറിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറത്തിൽ തയ്യാറാക്കേണ്ടതും സഹകരണ സ്ഥാപനത്തിന്റെ സെക്രട്ടറി, തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം അന്തിമമാക്കുന്ന ഫോറത്തിനെ പലിശ അനുവദിക്കുന്നതിനുള്ള സഹകരണ സ്ഥാപനത്തിന്റെ ക്ലെയിം ആയി പരിഗണിക്കുന്നതാണ്. ഫോറത്തിന്റെ 4 കോപ്പികൾ തയ്യാറാക്കണം. ഓരോ കോപ്പി വീതം സഹകരണ സ്ഥാപനത്തിനും തദ്ദേശഭരണ സ്ഥാപനത്തിനും നൽകണം. ഒരു കോപ്പി ഖണ്ഡിക 4.2 പ്രകാരം ചുമതലയുള്ള ഉദ്യോഗസ്ഥൻ സൂക്ഷിക്കുകയും മറ്റൊന്ന് വകുപ്പ് മേധാവിക്ക് അയച്ചുകൊടുക്കുകയും വേണം. വകുപ്പ് മേധാവികൾക്ക് താഴെപ്പറയുന്നത് പ്രകാരമായിരിക്കണം കോപ്പി ലഭ്യമാക്കേണ്ടത്.

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | റിക്കൺസിലിയേഷൻ നടത്തിയ കണക്കുകൾ ലഭ്യമാക്കേണ്ട വകുപ്പ് മേധാവി |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തുകൾ | പഞ്ചായത്ത് ഡയറക്ടർ |
| 2 | ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും | ഗ്രാമവികസന കമ്മീഷണർ |
| 3 | മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും | നഗരകാര്യ ഡയറക്ടർ |

4.9 റിക്കൺസിലിയേഷൻ നടത്തിയ കണക്കുകൾ (നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയത്) ഖണ്ഡിക 4.2 പ്രകാരം ചുമതലയുള്ള ഉദ്യോഗസ്ഥർ മേയ് 10-നകം വകുപ്പ് മേധാവികൾക്ക് ലഭ്യമാക്കേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
8 സെക്രട്ടറി, സഹകരണ വകുപ്പ്
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12 രജിസ്ട്രാർ, സഹകരണ സംഘം
13 മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
14 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
17 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
19 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
20 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
21 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.ക്ക്
3. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം. സെക്ഷനുകൾക്ക്

അനുബന്ധം

# ഇ.എം.എസ്.സമ്പൂർണ ഭവന പദ്ധതി

തദ്ദേശഭരണ സ്ഥാപനങ്ങൾ 31.03.2011 വരെ കൈപ്പറ്റിയ വായ്പയുടെയും 31.03.2011 വരെയുള്ള പലിശയുടെയും ഒടുക്കിയ മുതൽ, പലിശ എന്നിവയുടെയും വിവരങ്ങൾ (തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും സഹകരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും സംയുക്തമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തണം)

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:..................................................     ജില്ല:............................................

(തുക രൂപയിൽ)

| ക്രമ നം. | ഇനം | വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം (ഒന്നിലേറെ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിട്ടുണ്ടെങ്കിൽ ഓരോ ബാങ്കിന്റെയും വിവരങ്ങൾ ഓരോ കോളത്തിലായി രേഖപ്പെടുത്തണം) | | | |
|---|---|---|---|---|---|
| | | ബാങ്ക് 1 | ബാങ്ക് 2 | ബാങ്ക് 3 | ആകെ |
| 1 | വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ച ബാങ്കിന്റെ/സംഘത്തിന്റെ പേരും ബ്രാഞ്ചിന്റെ പേരും | | | | X |
| 2 | വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ച ഉത്തരവിന്റെ നമ്പരും തീയതിയും | നമ്പർ:................. തീയതി:.............. | നമ്പർ:................. തീയതി:................. | നമ്പർ:................. തീയതി:................ | X |
| 3 | വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ച തുക | | | | |
| 4 | ബാങ്കുമായി കരാറിൽ ഏർപ്പെട്ട തീയതി | | | | X |
| 5 | പലിശ നിരക്ക് | .................% | .................% | . ................% | X |
| 6 | തിരിച്ചടവ് കാലയളവ് | ........... വർഷം | ........... വർഷം | ........... വർഷം | X |
| 7 | വായ്പാ തുക (തദ്ദേശഭരണ സ്ഥാപനവും ബാങ്കും തമ്മിൽ കരാറിൽ ഏർപ്പെട്ട തുക) | | | | |

<table>
<tr><th rowspan="2">ക്രമ നം.</th><th rowspan="2" colspan="2">ഇനം</th><th colspan="4">വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം<br>(ഒന്നിലേറെ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിട്ടുണ്ടെങ്കിൽ ഓരോ ബാങ്കിന്റെയും വിവരങ്ങൾ ഓരോ കോളത്തിലായി രേഖപ്പെടുത്തണം)</th></tr>
<tr><th>ബാങ്ക് 1</th><th>ബാങ്ക് 2</th><th>ബാങ്ക് 3</th><th>ആകെ</th></tr>
<tr><td rowspan="16">8</td><td colspan="2">2011 മാർച്ച് 31 വരെ തദ്ദേശഭരണ സ്ഥാപനം കൈപ്പറ്റിയ തുകയും മാർച്ച് 31 വരെയുള്ള പലിശയും (ഓരോ തവണയും കൈപ്പറ്റിയ തുക ഓരോ വരിയിലായി രേഖപ്പെടുത്തണം)</td><td>X</td><td>X</td><td>X</td><td>X</td></tr>
<tr><td rowspan="3">1</td><td>തീയതി</td><td></td><td></td><td></td><td></td></tr>
<tr><td>കൈപ്പറ്റിയ തുക</td><td></td><td></td><td></td><td></td></tr>
<tr><td>31.03.2011 വരെയുള്ള പലിശ</td><td></td><td></td><td></td><td></td></tr>
<tr><td rowspan="3">2</td><td>തീയതി</td><td></td><td></td><td></td><td></td></tr>
<tr><td>കൈപ്പറ്റിയ തുക</td><td></td><td></td><td></td><td></td></tr>
<tr><td>31.03.2011 വരെയുള്ള പലിശ</td><td></td><td></td><td></td><td></td></tr>
<tr><td rowspan="3">3</td><td>തീയതി</td><td></td><td></td><td></td><td></td></tr>
<tr><td>കൈപ്പറ്റിയ തുക</td><td></td><td></td><td></td><td></td></tr>
<tr><td>31.03.2011 വരെയുള്ള പലിശ</td><td></td><td></td><td></td><td></td></tr>
<tr><td rowspan="3">4</td><td>തീയതി</td><td></td><td></td><td></td><td></td></tr>
<tr><td>കൈപ്പറ്റിയ തുക</td><td></td><td></td><td></td><td></td></tr>
<tr><td>31.03.2011 വരെയുള്ള പലിശ</td><td></td><td></td><td></td><td></td></tr>
<tr><td rowspan="3">5</td><td>തീയതി</td><td></td><td></td><td></td><td></td></tr>
<tr><td>കൈപ്പറ്റിയ തുക</td><td></td><td></td><td></td><td></td></tr>
<tr><td>31.03.2011 വരെയുള്ള പലിശ</td><td></td><td></td><td></td><td></td></tr>
</table>

| ക്രമ നം. | ഇനം | | വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം (ഒന്നിലേറെ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിട്ടുണ്ടെങ്കിൽ ഓരോ ബാങ്കിന്റെയും വിവരങ്ങൾ ഓരോ കോളത്തിലായി രേഖപ്പെടുത്തണം) | | | |
|---|---|---|---|---|---|---|
| | | | ബാങ്ക് 1 | ബാങ്ക് 2 | ബാങ്ക് 3 | ആകെ |
| | 6 | തീയതി | | | | |
| | | കൈപ്പറ്റിയ തുക | | | | |
| | | 31.03.2011 വരെയുള്ള പലിശ | | | | |
| | 7 | തീയതി | | | | |
| | | കൈപ്പറ്റിയ തുക | | | | |
| | | 31.03.2011 വരെയുള്ള പലിശ | | | | |
| | 8 | തീയതി | | | | |
| | | കൈപ്പറ്റിയ തുക | | | | |
| | | 31.03.2011 വരെയുള്ള പലിശ | | | | |
| | 9 | തീയതി | | | | |
| | | കൈപ്പറ്റിയ തുക | | | | |
| | | 31.03.2011 വരെയുള്ള പലിശ | | | | |
| | 10 | തീയതി | | | | |
| | | കൈപ്പറ്റിയ തുക | | | | |
| | | 31.03.2011 വരെയുള്ള പലിശ | | | | |
| | ആകെ | 31.03.2011 വരെ കൈപ്പറ്റിയ ആകെ തുക | | | | |
| | | 31.03.2011 വരെയുള്ള ആകെ പലിശ | | | | |

| ക്രമ നം. | ഇനം | | വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം (ഒന്നിലേറെ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിട്ടുണ്ടെങ്കിൽ ഓരോ ബാങ്കിന്റെയും വിവരങ്ങൾ ഓരോ കോളത്തിലായി രേഖപ്പെടുത്തണം) | | | |
|---|---|---|---|---|---|---|
| | | | ബാങ്ക് 1 | ബാങ്ക് 2 | ബാങ്ക് 3 | ആകെ |
| 9 | മുതൽ തിരിച്ചടവിനായി സ്രോതസിൽ കുറവ് ചെയ്ത് ജില്ലാ സഹകരണ ബാങ്ക് മുഖേന ലഭ്യമാക്കുന്നതായി കൺട്രോളിംഗ് ഓഫീസർ അയച്ചു തന്ന സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക (രണ്ട് ഗഡുക്കളാണെങ്കിൽ അവയുടെ ആകെ തുക) | | | | | |
| 10 | മുതൽ ഇനത്തിൽ തിരിച്ചടച്ച സംഖ്യ (ജില്ലാ സഹകരണ ബാങ്ക് മുഖേന ലഭിച്ച സംഖ്യ: തദ്ദേശഭരണ സ്ഥാപനം നേരിട്ടാണ് തുക നൽകിയതെങ്കിൽ അത് ഇനം 18-ൽ രേഖപ്പെടുത്തിയാൽ മതിയാകും) | | X | X | X | X |
| | 10.1 | തിരിച്ചടച്ച മുതൽ തുക (ആദ്യ ഗഡു) | | | | |
| | | ബാങ്കിന് തുക ലഭിച്ച തീയതി | | | | |
| | 10.2 | തിരിച്ചടച്ച മുതൽ തുക (രണ്ടാം ഗഡു) | | | | |
| | | ബാങ്കിന് തുക ലഭിച്ച തീയതി | | | | |
| | 10.3 | ആകെ തിരിച്ചടച്ച മുതൽ തുക (10.1 + 10.2) | | | | |
| 11 | ഇനം 9 പ്രകാരം അറിയിച്ച തുക തന്നെയാണോ ഇനം 10 പ്രകാരം ലഭിച്ചിട്ടുള്ളത് ? | | അതെ/അല്ല | അതെ/അല്ല | അതെ/അല്ല | X |
| 12 | ഇം 9 പ്രകാരം അറിയിച്ച തുക ഇനം 10 പ്രകാരം ലഭിച്ചിട്ടില്ലെങ്കിൽ കുറവുള്ള തുക (9-10) | | | | | |
| 13 | പലിശ ഇനത്തിൽ ജില്ലാ സഹകരണ ബാങ്ക് മുഖേന ലഭ്യമാക്കുന്നതായി ഗ്രാമവികസന കമ്മീഷണർ അയച്ചു തന്ന സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക (രണ്ട് ഗഡുക്കളുടെയും ആകെ തുക) | | | | | |

| ക്രമ നം. | ഇനം | | വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം (ഒന്നിലേറെ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിട്ടുണ്ടെങ്കിൽ ഓരോ ബാങ്കിന്റെയും വിവരങ്ങൾ ഓരോ കോളത്തിലായി രേഖപ്പെടുത്തണം) | | | |
|---|---|---|---|---|---|---|
| | | | ബാങ്ക് 1 | ബാങ്ക് 2 | ബാങ്ക് 3 | ആകെ |
| 14 | പലിശ ഇനത്തിൽ സർക്കാർ അനുവദിച്ച് ജില്ലാ സഹകരണ ബാങ്ക് മുഖേന ലഭിച്ച തുക | | X | X | X | X |
| | 14.1 | ലഭിച്ച പലിശ (ആദ്യ ഗഡു) | | | | |
| | | ബാങ്കിന് തുക ലഭിച്ച തീയതി | | | | |
| | 14.2 | ലഭിച്ച പലിശ (രണ്ടാം ഗഡു) | | | | |
| | | ബാങ്കിന് തുക ലഭിച്ച തീയതി | | | | |
| | 14.3 | ആകെ ലഭിച്ച പലിശ (14.1 + 14.2) | | | | |
| 15 | ഇനം 13 പ്രകാരം അറിയിച്ച തുക തന്നെയാണോ ഇനം 14 പ്രകാരം ലഭിച്ചിട്ടുള്ളത്? | | അതെ/അല്ല | അതെ/അല്ല | അതെ/അല്ല | X |
| 16 | ഇനം 13 പ്രകാരം അറിയിച്ച തുക ഇനം 14 പ്രകാരം ലഭിച്ചിട്ടില്ലെങ്കിൽ കുറവുള്ള തുക (13–14) | | | | | |
| 17 | 31.03.2011 വരെയുള്ള യഥാർത്ഥ പലിശയും ലഭിച്ച പലിശയും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ വ്യത്യാസമുള്ള തുക | കൂടുതൽ ലഭിച്ചിട്ടുണ്ടെങ്കിൽ അധികം ലഭിച്ച തുക (ഇനം 14.3 ലെ തുകയിൽ നിന്ന് ഇനം 8–ലെ ആകെ പലിശ കുറവ് ചെയ്താൽ ലഭിക്കുന്ന സംഖ്യ) | | | | |
| | | കുറവാണ് ലഭിച്ചതെങ്കിൽ ഇനി ലഭിക്കേണ്ട തുക (ഇനം 8–ലെ ആകെ പലിശയിൽ നിന്ന് ഇനം 14.3–ലെ തുക കുറവ് ചെയ്താൽ ലഭിക്കുന്ന സംഖ്യ) | | | | |

<table>
<tr><th rowspan="2">ക്രമ നം.</th><th rowspan="2" colspan="3">ഇനം</th><th colspan="4">വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം<br>(ഒന്നിലേറെ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിട്ടുണ്ടെങ്കിൽ ഓരോ ബാങ്കിന്റെയും വിവരങ്ങൾ ഓരോ കോളത്തിലായി രേഖപ്പെടുത്തണം)</th></tr>
<tr><th>ബാങ്ക് 1</th><th>ബാങ്ക് 2</th><th>ബാങ്ക് 3</th><th>ആകെ</th></tr>
<tr><td rowspan="2">18</td><td rowspan="2" colspan="2">മുതൽ തുക തദ്ദേശഭരണ സ്ഥാപനം നേരിട്ടാണ് സഹകരണബാങ്കിന് നൽകിയിട്ടുള്ളതെങ്കിൽ ഇപ്രകാരം നേരിട്ട് നൽകിയ തുക (ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാത്രം രേഖപ്പെടുത്തുക)</td><td>തുക</td><td rowspan="2"></td><td rowspan="2"></td><td rowspan="2"></td><td rowspan="2"></td></tr>
<tr><td>തുക നൽകിയ തീയതി</td></tr>
<tr><td rowspan="5">19</td><td colspan="3">മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തേണ്ട ഭാഗം</td><td>X</td><td>X</td><td>X</td><td>X</td></tr>
<tr><td rowspan="2">1</td><td rowspan="2">തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി</td><td>ഒപ്പ്:</td><td></td><td></td><td></td><td></td></tr>
<tr><td>പേര്:</td><td></td><td></td><td></td><td></td></tr>
<tr><td rowspan="2">2</td><td rowspan="2">സഹകരണ സ്ഥാപനത്തിന്റെ സെക്രട്ടറി</td><td>ഒപ്പ്:</td><td></td><td></td><td></td><td></td></tr>
<tr><td>പേര്:</td><td></td><td></td><td></td><td></td></tr>
<tr><td>20</td><td colspan="3">മുകളിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾക്ക് ഉപരിയായി എന്തെങ്കിലും വിവരങ്ങൾ രേഖപ്പെടുത്താനുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ, സഹകരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ ജില്ലാ ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥനോ അത്തരം വിവരങ്ങൾ രേഖപ്പെടുത്താനുള്ള ഭാഗം (ഇങ്ങനെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ പേരും തസ്തികയും രേഖപ്പെടുത്തി ഒപ്പിടണം)</td><td></td><td></td><td></td><td></td></tr>
</table>